**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 - 2525300

**പത്രക്കുറിപ്പ്**

**എം.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനം-2024**
**സ്പോട്ട് അഡ്മിഷൻ**

2024-25 അധ്യയന വർഷത്തെ എം.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി നടന്ന കേന്ദ്രീകൃത ഓൺലൈൻ അലോട്ട്മെന്റുകൾക്ക് ശേഷവും സർക്കാർ ഫാർമസി കോളേജുകളിലും സ്വാശ്രയ കോളേജുകളിലും സീറ്റുകൾ ഒഴിവുണ്ട്. ഇതിൽ സർക്കാർ ഫാർമസി കോളേജുകളിലെ ഒഴിവുള്ള സീറ്റുകൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേനയും സ്വാശ്രയ ഫാർമസി കോളേജുകളിലെ ഒഴിവുകൾ അതത് കോളേജുകൾ മുഖേനയും നികത്തുന്നതാണ്. ആയതിനാൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച eligible candidate ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ സർക്കാർ ഫാർമസി കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേയും സ്വാശ്രയ ഫാർമസി കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ അതത് കോളേജുമായും ബന്ധപ്പെടേണ്ടതാണ്. ഒഴിവുള്ള സീറ്റുകൾ സംബന്ധിച്ച വിവരങ്ങൾക്കും മറ്റ് വിശദാംശങ്ങൾക്കും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
23-12-2024

ജോയിന്റ് കമ്മീഷണർ
പ്രവേശന പരീക്ഷാകമ്മീഷണർക്ക് വേണ്ടി